MONDAY തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) 13/11/2023

1. കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ടസിൽ പുനലൂരിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഉന്നത ഗുണനിലവാരം പുലർത്തുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളായ തേൻ, മംഗോ ജ്യൂസ്, മംഗോ പൾപ്പ്, നറുനീണ്ടി & പൈനാപ്പിൾ സിറപ്പുകൾ, ജാമുകൾ, അച്ചാറുകൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ജ്യോതി' എന്ന ബ്രാൻഡിൽ വിപണിയിൽ സജ്ജമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9846297007.

2. 2022ൽ ആവർത്തനക്കൃഷിയും പുതുക്കൃഷിയും നടത്തിയ റബ്ബർകർഷകരിൽ നിന്ന് ധനസഹായത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. പരമാവധി രണ്ടുഹെക്ടർ വരെ റബ്ബർകൃഷിയുള്ളവർക്ക് നിബന്ധനകൾക്ക് വിധേയമായി ഒരു ഹെക്ടറിന് ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ 'സർവ്വീസ് പ്ലസ്' വെബ് പോർട്ടലിലൂടെ ഓൺലൈനായി 2023 ഒക്ടോബർ 16 മുതൽ നവംബർ 30 വരെ അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം തിരിച്ചറിയൽ രേഖയായി വോട്ടർ ഐ.ഡി, ഡ്രൈവിങ് ലൈസൻസ്, പാൻകാർഡ്, പാസ്പോർട്ട് എന്നിവയിലൊന്നിന്റെ കോപ്പി, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, കൃഷിചെയ്ത സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ (പാസ് ബുക്ക്) കോപ്പി, റബ്ബർതൈ വാങ്ങിയതിന്റെ ബില്ല്, കൂട്ടുടമസ്ഥതയുള്ളവർക്കും മൈനറായ അപേക്ഷകർക്കും വേണ്ടിയുള്ള നോമിനേഷൻ എന്നിവ അപ്ലോഡ് ചെയ്യേണ്ടതാണ്. നിർദിഷ്ട തീയതിക്കുള്ളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള തോട്ടങ്ങൾ പരിശോധിച്ചതിനുശേഷം റബ്ബർകൃഷി വികസനപദ്ധതി നിയമപ്രകാരം അർഹതയുള്ള ധനസഹായം (ഹെക്ടർ പ്രതി 25,000/ രൂപ എന്ന നിരക്കിൽ) കർഷകരുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്. വിശദവിവരങ്ങൾ www.rubberboard.org.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് റീജിയണൽ ഓഫീസ്, ഫീൽഡ് സ്റ്റേഷൻ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. തിരുവനന്തപുരം ജില്ലയിൽ 2022-23 വർഷത്തിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ, തെരുവിൽ പാർക്കുന്നതും അനാഥരുമായ പക്ഷിമൃഗാദികളുടെ ഭക്ഷണം, പാർപ്പിടം, പരിചരണം ശുശ്രൂഷ തുടങ്ങിയ മേഖലയിലുള്ള മികച്ച പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്ട്രേർഡ് സംഘടനകൾ എന്നവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം 2023 നവംബർ മാസം 20-ാം തീയതിക്കകം തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ അഞ്ച് വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000/- രൂപ ക്യാഷ് അവാർഡ് നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്റ്ററുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

### പരിശീലന പരിപാടി

4. ട്രെയിനിങ് ഇൻ ക്വാളിറ്റി പ്ലാന്റിങ് മെറ്റീരിയൽ പ്രൊഡക്ഷൻ ഓഫ് ട്രോപ്പിക്കൽ ട്യൂബർ ക്രോപ്സ് എന്ന വിഷയത്തിൽ നവംബർ 20 മുതൽ 22 വരെ ഡിവിഷൻ ഓഫ് ക്രോപ് പ്രൊഡക്ഷനും കേന്ദ്ര കിഴങ്ങു വർഗ ഗവേഷണകേന്ദ്രം ശ്രീകാര്യവും സംയുക്തമായി പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ICAR / SAUs/ CAUs / ഡീംഡ് യൂണിവേഴ്സിറ്റീസ് / KVKs / സംസ്ഥാന കൃഷിവകുപ്പ് / ഹോർട്ടികൾച്ചർ വകുപ്പ് സീഡ് ആൻഡ് പ്ലാന്റിങ് മെറ്റീരിയലിൽ താല്പര്യമുള്ളവരോ അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരോ ആയിരിക്കണം പരമാവധി 20 പേരെ സ്ക്രീനിംഗ് കമ്മിറ്റി തിരഞ്ഞെടുക്കുന്നതാണ്. 19-ാം തിയതി വൈകുന്നേരം തന്നെ പരിശീലനത്തിൽ പങ്കെടുക്കുവാൻ എത്തിച്ചേരേണ്ടതാണ് ട്രെയിനിങ് ഫീസ് 3000 രൂപ. കൂടുതൽ വിവരങ്ങൾക്ക് https://www.ctcri.org എന്ന വെബ്സൈറ്റിലോ, director.ctcri@icar.gov.in എന്ന ഈ- മെയിൽ വിലാസത്തിലോ, 0471-2598551, 9495997594 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള കാർഷിക സർവ്വകലാശാലകമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ നവംബർ മാസത്തിൽ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. 21 ന് 'കൃത്യതാകൃഷിയും പച്ചക്കറി ഗ്രാഫ്റ്റിംഗും", 22 ന് "കായിക പ്രജനന മാർഗ്ഗങ്ങളും (ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ്) മാവിന്റെ പരിപാലനവും" , 28 ന് "കന്നുകാലി ഫാമുകളിലെ ജൈവമാലിന്യ സംസ്കരണവും ജൈവസുരക്ഷയും" (ചാണകത്തിൽ നിന്നുള്ള വിവിധതരം വളങ്ങൾ) , 29 ന് ശുദ്ധജലമത്സ്യകൃഷി- 29 പങ്കെടുക്കാൻ താല്പര്യമുള്ളവർ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണിയ്ക്കും വൈകുന്നേരം 5 മണിയ്ക്കും ഇടയിൽ 0487-2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ നവംബർ 15, 16 തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2501706/ 8113893159/ 884899756

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം